## കോവിഡ് 19 പ്രതിരോധത്തിന് കുടുംബശ്രീയും-2

1. കേരളത്തിൽ ലോക്ക് ഡൗൺ ആരംഭിക്കുന്നതിന് മുൻപ് തന്നെ പ്രത്യേക അയൽക്കൂട്ട യോഗങ്ങൾ വിളിച്ചുചേർത്ത് **'ബ്രേക്ക് ദ ചെയിൻ ക്യാമ്പയിന്റെ'** പ്രധാന്യത്തെക്കുറിച്ചും ഏവരും പ്രത്യേകിച്ച് വയോജനങ്ങൾ കരുതലോടെയും ശ്രദ്ധയോടെ ഇരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും **43 ലക്ഷം** കുടുംബങ്ങളെ ബോധവത്കരണം നടത്തി.

2. ലോക്ക് ഡൗണിന് ശേഷം സർക്കാർ തീരുമാനങ്ങളും മറ്റ് പ്രധാന സന്ദേശങ്ങളും ജനങ്ങളിലേക്ക് നേരിട്ടെത്തിക്കാൻ **22 ലക്ഷം അയൽക്കൂട്ട അംഗങ്ങളെ** ഉൾപ്പെടുത്തി **2 ലക്ഷം വാട്സ് ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച്** ആശയവിനിമയം നടത്തിവരുന്നു.

3. അയൽക്കൂട്ടാംഗങ്ങൾക്ക് **പലിശരഹിത വായ്പ** ലഭ്യമാക്കാനുള്ള **മുഖ്യമന്ത്രിയുടെ സഹായഹസ്തം** വായ്പാ പദ്ധതി നടപ്പിലാക്കാനുള്ള **ഏകോപനം** നടത്തിവരുന്നു. അയൽക്കൂട്ടങ്ങളുടെ വായ്പയുടെ ആവശ്യകത **ഏപ്രിൽ 16** ഓടു കൂടി ലഭ്യമാകുമെന്നും **ഏപ്രിൽ 20** ഓടുകൂടി ബാങ്കുകളിലേക്ക് വായ്പ അപേക്ഷകൾ നൽകാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു.

4. വിപണിയിൽ **മാസ്കുകളുടെ ലഭ്യതക്കുറവ്** പരിഹരിക്കാൻ വേണ്ടി **306 തയ്യൽ യൂണിറ്റുകളുടെ** നേതൃത്വത്തിൽ **18.81 ലക്ഷം മാസ്കുകൾ** നിർമ്മിച്ചു. കൂടാതെ **4542 ലിറ്റർ സാനിറ്റൈസറും** കുടുംബശ്രീ സംരംഭ യൂണിറ്റുകൾ മുഖേന ഉത്പാദിപ്പിച്ചു. ഈ പ്രവർത്തനങ്ങൾ ഇപ്പോഴും തുടരുന്നു.

5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സംയോജനത്തോടെ ഏപ്രിൽ 8 വരെ 1259 ഓളം കമ്മ്യൂണിറ്റി കിച്ചണുകൾ യാഥാർത്ഥ്യമാക്കാൻ കുടുംബശ്രീ വഹിച്ച പങ്ക് ഏറെ വലുതാണ്. **ഇതിൽ 1014 കമ്മ്യൂണിറ്റി കിച്ചണുകൾ കുടുംബശ്രീ അംഗങ്ങളെ**

ഉൾപ്പെടുത്തി നടത്തുന്നവയാണ്. ഈ **കമ്മ്യൂണിറ്റി കിച്ചണുകളിൽ ചിലത് ജനകീയ ഹോട്ടലുകൾ** എന്ന നിലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

6. സന്ദർഭത്തിനും ആവശ്യത്തിനും അനുസരിച്ച് ഉടനടി പ്രവർത്തനങ്ങൾ നടത്താൻ കുടുംബശ്രീയ്ക്ക് സാധിക്കുന്നു. **ചെക്ക്പോസ്റ്റുകൾക്ക് സമീപം ഭക്ഷണം** ലഭിക്കാനുള്ള ബുദ്ധിമുട്ടുണ്ടെന്ന അവസ്ഥ അറിഞ്ഞ സാഹചര്യത്തിൽ ഇത്തരത്തിലുള്ള **13 ഇടങ്ങളിൽ കുടുംബശ്രീ യൂണിറ്റുകൾ ടേക്ക് എവേ കൗണ്ടറുകൾ** ആരംഭിച്ചു. പ്രാദേശികമായി സന്നദ്ധ പ്രവർത്തകരെ ആവശ്യമായി വരുന്ന ഉടൻ തന്നെ ആ പ്രവർത്തനം കുടുംബശ്രീ അംഗങ്ങൾ ഏറ്റെടുക്കുന്നു. കുടുംബശ്രീയുടെ **കൃഷിസംഘങ്ങൾ വിളവെടുത്ത 36,936 കിലോഗ്രാം പച്ചക്കറിയും പഴവർഗ്ഗങ്ങളും നെല്ലും കമ്മ്യൂണിറ്റി കിച്ചണുകളിലേക്ക്** എത്തിച്ച് നൽകിയത് മറ്റൊരു പ്രവർത്തനം. **8647 സംഘകൃഷി സംഘങ്ങളാണ്** ഇത്തരത്തിൽ അവരുടെ കാർഷിക ഉത്പന്നങ്ങൾ സംഭാവനയായി നൽകിയത്. ഇത്തരത്തിൽ ആവശ്യം വരുന്ന മുറയ്ക്ക് സേവനങ്ങൾ നൽകാൻ കുടുംബശ്രീ മുന്നോട്ട് വരുന്നു.

7. ഈ ഒരു പ്രതിസന്ധി ഘട്ടത്തിൽ ഏറ്റവും കൂടുതൽ കരുതൽ വേണ്ടവരാണ് **അഗതി കുടുംബങ്ങൾ**. കേരളത്തിൽ **വയോജനങ്ങൾ ഉൾപ്പെട്ട ഒരു ലക്ഷത്തോളം അഗതി കുടുംബങ്ങളെ** റിസോഴ്സ് പേഴ്സൺമാരുടെ സഹായത്തോടെ **ഫോൺ വഴി ബന്ധപ്പെട്ട്** അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി, വിവിധ സംയോജനങ്ങൾ വഴി **സഹായങ്ങൾ** ചെയ്തു വരുന്നു.

8. മറ്റ് അസുഖങ്ങളുള്ളതിനാലും രോഗ പ്രതിരോധശേഷി കുറയുന്നതിനാലും വയോജനങ്ങളിൽ കോവിഡ് 19 രോഗം ഏറെ ബുദ്ധിമുട്ടുണ്ടാക്കുമെന്ന സാഹചര്യത്തിൽ **വയോജനങ്ങൾക്ക് കൂടുതൽ ശ്രദ്ധയും കരുതലും നൽകണമെന്ന രീതിയിലുള്ള ക്യാമ്പയിൻ** കുടുംബശ്രീ സംഘടിപ്പിച്ചു.

9. കുടുംബശ്രീയിൽ **360 കമ്മ്യൂണിറ്റി കൗൺസിലർ** മാരുണ്ട്. ആരോഗ്യവകുപ്പും ജില്ലാ ഭരണകൂടവുമായി ചേർന്ന് ഇവരുടെ നേതൃത്വത്തിൽ ആളുകൾക്ക് **കൗൺസിലിങ്ങും മാനസിക പിന്തുണയും** നൽകി വരുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. **മരുന്ന് ലഭ്യമാക്കൽ, ഭക്ഷണക്കിറ്റ് വിതരണം** എന്നിങ്ങനെ ജില്ലകളുടെ ആവശ്യമനുസരിച്ചും കമ്മ്യൂണിറ്റി കൗൺസിലർമാർ പ്രവർത്തിക്കുന്നു.

10. **സിവിൽ സപ്ലൈസിന്റെ ഭക്ഷ്യകിറ്റ്** തയ്യാറാക്കി വിതരണം നടത്തുന്നതിനായി എല്ലാ ജില്ലകളിലും **കുടുംബശ്രീ വോളന്റിയർമാർ** ആവശ്യാനുസരണം പങ്കെടുക്കുന്നു. **500ലധികം പേർ** പ്രതിദിനം ഈ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. കൂടാതെ ഇതിനായുള്ള **തുണിസഞ്ചികൾ തയ്ച്ച് നൽകുന്നതിനുള്ള വർക്ക് ഓർഡറും കുടുംബശ്രീ യൂണിറ്റുകൾ** ഏറ്റെടുത്ത് ചെയ്തുവരുന്നു. പ്രതിദിനം 1 ലക്ഷം സഞ്ചികൾ നിർമ്മിക്കാനുള്ള ശേഷിയാണ് കുടുംബശ്രീ യൂണിറ്റുകൾക്കുള്ളത്.

സംസ്ഥാനതലത്തിൽ ഏകോപനം സാധ്യമാക്കി വിവിധ പ്രവർത്തനങ്ങൾ ചെയ്യുന്നത് കൂടാതെ ഓരോ ജില്ലയിലും **ജില്ലാ ഭരണകൂടത്തിന്റെ ആവശ്യാനുസരണം** വേണ്ട പദ്ധതികൾ കുടുംബശ്രീ **ജില്ലാതലത്തിൽ ആസൂത്രണം** ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നു.